Draft #10 of File 13310/SF 1/2/2019/SF 1 Approved by DEPUTY REGISTRAR (P & D) on 13-Jan-2021 11:59 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല നേരിട്ടു നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾ - സ്കൂൾ ഓഫ് ടെക്നോളജി ആൻറ് അപ്ലൈഡ് സയൻസസ് ( STAS ) - ഇ.പി.എഫ് കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സെൽഫ് ഫിനാൻസിങ് 1 സെക്ഷൻ**

നമ്പർ. 262/SF 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.01.2021

---

*പരാമർശം:*-1) 06.12.2019 തീയതിയിലെ കോട്ടയം പ്രൊവിഡന്റ് ഫണ്ട് അസിസ്റ്റന്റ് കമ്മീഷണറുടെ നടപടിക്രമം.

2) 31.12.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം. 72/20.06/DDFS-13310/2019.

**ഉത്തരവ്**

2016-17 അദ്ധ്യയന വർഷം വരെ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനമായ സ്കൂൾ ഓഫ് ടെക്നോളജി ആൻറ് അപ്ലൈഡ് സയൻസസ് (STAS)ലെ ജീവനക്കാരായ ബിന്ദുറാണി റ്റി.വി, ഗീതാ മുരളീധർ, ബിന്ദു എസ് മണി, മാത്യൂ പി ജോസ്, ബാസ്റ്റിൻ ജോൺ, അമ്പിളി പി.കെ, എന്നിവരെ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്തിരുന്ന കാലയളവിലെ അർഹത പരിഗണിച്ച് മുൻകാല പ്രാബല്യത്തോടെ ഇ.പി.എഫിൽ ഉൾപ്പെടുത്തുവാനും അവരുടെ ഇ.പി.എഫ് കുടിശ്ശികയായ 8,02,789/- രൂപ അടയ്ക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ഇ.പി.എഫ് ഓർഗനൈസേഷൻ CPAS ഡയറക്ടർക്ക് ഡിമാൻറ് നോട്ടീസ് അയച്ചിരുന്നു. പ്രസ്തുത ബാദ്ധ്യത CPAS നിലവിൽ വരുന്നതിന് മുമ്പുള്ളതായതിനാൽ സർവ്വകലാശാല തന്നെയാണ് ഈ തുക അടക്കേണ്ടതെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് CPAS ടി ഡിമാൻറ് നോട്ടീസ് സർവ്വകലാശാലക്ക് അയച്ചുതന്നിരുന്നു. പ്രസ്തുത വിഷയത്തിൽ സർവകലാശാലാ ലീഗൽ അഡ്വൈസറുടെ നിയമോപദേശം തേടുകയും ആയതിൻറെ അടിസ്ഥാനത്തിൽ സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ ഇ.പി.എഫിൽ ഉൾപ്പെടുത്തുവാനോ അവരുടെ ഇ.പി.എഫ് കുടിശ്ശിക അടയ്ക്കുവാനോ കഴിയുകയില്ലെന്ന സർവ്വകലാശാലാ നിലപാട് ഇ.പി.എഫ് അധികാരികളെ അറിയിക്കുകയുമുണ്ടായി.

ടി അദ്ധ്യാപകരുടെ അപേക്ഷയിൽ ഹിയറിംഗ് ഉൾപ്പെടെയുള്ള എല്ലാ നടപടികൾക്കും ശേഷം അസിസ്റ്റൻറ് പ്രൊവിഡൻറ് ഫണ്ട് കമ്മീഷണർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതു പ്രകാരം, Employees Provident Funds and Miscellaneous Provision Act-17B പ്രകാരം ഒരു സ്ഥാപനം കൈമാറ്റം ചെയ്യപ്പെട്ടാലും, കൈമാറ്റ തീയതി വരെയുള്ള

ഇ.പി.എഫ് ബാദ്ധ്യതകൾ തീർക്കാൻ ആദ്യ തൊഴിൽ ദാതാവും, കൈമാറ്റത്തിലൂടെ സ്ഥാപനം ലഭിച്ചയാളും കൂട്ടായും വെവ്വേറെയും ഉത്തരവാദിയായിരിക്കുന്നതാണെന്നും ടി അദ്ധ്യാപകരുടെ 3/1999 മുതൽ 2/2015 വരെയുള്ള കാലയളവിലെ ഇ.പി.എഫ് കുടിശ്ശികയായ 8,02,789/- രൂപ അടയ്ക്കുവാൻ ഇ.പി.എഫ് ഓർഗനൈസേഷൻ CPAS നോടും സർവ്വകലാശാലയോടും ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് ഈ വിഷയത്തിൽ സ്റ്റാന്റിംഗ് കോൺസലിനോട് നിയമോപദേശം തേടുകയുണ്ടായി. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം STAS ലെ അദ്ധ്യാപകരായിരുന്ന ബിന്ദുറാണി റ്റി.വി, ഗീതാ മുരളീധർ, ബിന്ദു എസ് മണി, മാത്യു പി ജോസ്, ബാസ്റ്റിൻ ജോൺ, അമ്പിളി പി.കെ, എന്നിവരുടെ 3/1999 മുതൽ 2/2015 വരെയുള്ള കാലയളവിലെ ഇ.പി.എഫ് കുടിശ്ശികയായ 8,02,789/- രൂപ അടയ്ക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി സ്റ്റാന്റിംഗ് കോൺസലിന്റെ നിയമോപദേശം സഹിതം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. തുടർന്ന് 31.12.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

"സർവ്വകലാശാല നേരിട്ടു നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനമായ സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ് (STAS)ലെ അദ്ധ്യാപകരുടെ ഇ.പി.എഫ് കുടിശ്ശിക അടക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി. ഷാനവാസ്, പ്രൊഫ. പി. ഹരികൃഷ്ണൻ എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

പകർപ്പ്

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3. അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം
4. പ്രൊഫ. പി. ഹരികൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം
5. എ.സി.സി സെക്ഷൻ
6. സ്റ്റോക്ക് ഫയൽ/റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 13310/SF 1/2/2019/SF 1 Approved by DEPUTY REGISTRAR (P & D) on 13-Jan-2021 11:59 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം